# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.റ്റിവിഎം /ജിപി.3 /140/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 10/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.റ്റിവിഎം /ജിപി.3 /140/2026 തീയ്യതി: 10/02/2026

## തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2026 | 24-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2026 | 24-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ ഡി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ബാബു ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി എസ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഫ്രീഡ സൈമൺ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീബ സ്റ്റീഫൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിഷ്മ ഷാൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ശ്രീലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. മംഗള | മെഡിക്കൽ ഓഫീസർ, CHC | 01-04-2024 | 09-09-2024 |
| ഡോ. ക്രിസ്റ്റഫർ | മെഡിക്കൽ ഓഫീസർ, CHC (ചാർജ്ജ്) | 10-09-2024 | 10-09-2024 |
| ഡോ. മിനി എസ്. | മെഡിക്കൽ ഓഫീസർ, CHC | 11-09-2024 | 31-03-2025 |
| ഡോ. മീരാറാണി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. സുജ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി സോണിരാജ് എൻ. | ഫിഷറീസ് ഓഫീസർ | 01-04-2024 | 16-12-2024 |
| ശ്രീമതി ദീപ ജി. | ഫിഷറീസ് ഓഫീസർ | 17-12-2024 | 19-01-2025 |
| ശ്രീമതി ഷിമി | ഫിഷറീസ് ഓഫീസർ | 20-01-2025 | 31-03-2025 |
| ശ്രീമതി സംഗീത | വി.ഇ.ഒ. (നോർത്ത് സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി ആശ | വി.ഇ.ഒ. (സൗത്ത് സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി ദീപ എസ്. മണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ശ്രീമതി താര ഒ. എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-08-2024 | 31-03-2025 |
| ശ്രീമതി സജിതകുമാരി കെ. എൽ. | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 13-06-2024 |
| ശ്രീമതി ശാന്തി ബി. എസ്. | ഹെഡ്മിസ്ട്രസ്സ് | 14-06-2024 | 31-03-2025 |
| ശ്രീമതി ലൈല ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. ഷിജി രാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-05-2025 |
| Vacant | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2024 | 12-08-2024 |
| ശ്രീമതി സുമ | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-08-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് നിർണ്ണയിച്ച ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-4 |
| 6 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഡിപ്രിഷിയേഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. | 1-1-7 |
| 9 | പലിശയിനത്തിലെ വരവ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | തുകകൾ സമയബന്ധിതമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | റിക്കൺസിലിയേഷനിൽ തെറ്റായ വിവരങ്ങൾ നൽകിയിരിക്കുന്നു | 1-1-10 |
| 12 | വിവാഹ ധനസഹായം നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | സ്ഥിര നിക്ഷേപം - പലിശയിനത്തിലെ വരവിൽ കുറവ് | 1-1-12 |
| 14 | ബജറ്റ് - അപാകതകൾ | 1-2-1 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 20 | ക്യാഷ്ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വർക്കുകൾ ആക്ഷൻ പ്ലാനിൽ മാത്രം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-9-1 |
| 23 | ഗുണഭോക്താക്കൾക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാകേണ്ട തുകകൾ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുന്നു | 1-9-2 |
| 24 | തൊഴിലുറപ്പു പദ്ധതി | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ | 1-11 |

| | | |
|---|---|---|
| 27 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല | 1-12 |
| 28 | തൊഴിൽ നികുതി - അപാകതകൾ | 1-13 |
| 29 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 1-14 |
| 30 | കെട്ടിട നികുതി- സഞ്ചയ അപാകതകൾ | 1-15 |
| 31 | വിനോദനികുതി അടവാക്കാതെ സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു | 1-16 |
| 32 | സകർമ്മ മിനിട്സ് സമയബന്ധിതമായി അംഗീകരിച്ചിട്ടില്ല | 1-17 |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 7,65,604/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 34 | ഹരിതകർമ്മസേനാംഗങ്ങൾക്കായി വാങ്ങിയ സാധനസാമഗ്രികൾ പൂർണ്ണമായും വിതരണം ചെയ്തില്ല | 1-19 |
| 35 | പത്രസ്ഥാപനങ്ങൾക്ക് അധിക പരസ്യക്കൂലി നൽകി | 1-20 |
| 36 | ലൈഫ് ഭവന പദ്ധതി - വീട്പണി പൂർത്തിയാക്കിയില്ല | 1-21 |
| 37 | ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം | 1-22 |
| 38 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-23 |
| 39 | ജലജീവൻ മിഷൻ അവലോകനം | 1-24 |
| 40 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-25 |
| 41 | ഐ.സി.ഡി.എസ് സൂപ്പർ വൈസർക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററിനും ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം നൽകിയിട്ടില്ല | 1-26 |
| 42 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-07-2025 തീയതിയിലെ 4 (1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.08.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2)(ഇ), (എഫ്) എന്നിവ പ്രകാരമുള്ള അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-3 പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് നിർണ്ണയിച്ച ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല

തൻവർഷത്തെ തനത് ഫണ്ട് വരവ് – ചെലവ് ക്രമീകരിച്ചതിന്റെ കണക്ക് (പഞ്ചായത്ത് ഫണ്ട് – ബി1 ഷെഡ്യൂൾ) ഉൾപ്പെടുത്തിയ പത്രിക വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു "ശൂന്യപത്രിക" തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളായ വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2024-25 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം.

## 1-1-6 ഡിപ്രിഷിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ Roads And Bridges, Public Lighting, Plant And Machinery, Other Fixed Assets എന്നിവയ്ക്ക് ഡിപ്രിഷിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ഡിപ്രിയേഷൻ നൽകിയിരിക്കുന്ന ഇനത്തിലെ തുകയുടെ ആധികാരികത പരിശോധിക്കുന്നതിന് Depreciation Statement ഓഡിറ്റിന് ഹാജരാക്കിയില്ല.

## 1-1-7 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

Deposit Register, Loan Register, Investment Register, എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഖണ്ഡിക 1-1-1 മുതൽ 1-1-7 വരെയുള്ള പരാമർശത്തിനെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/25 തീ. 22.01.26) മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 പലിശയിനത്തിലെ വരവ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിന്റെ ഇൻഡ്യൻ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ - 6014716811) പലിശയിനത്തിലെ വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക (രൂ.) | തുക ക്രെഡിറ്റ് ആയ തീയതി (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| 1 | 50,373/- | 30.06.24 |
| 2 | 46,366/- | 30.09.24 |
| 3 | 45,942/- | 31.12.24 |
| 4 | 59,129/- | 31.03.25 |

പലിശയിനത്തിലെ വരവിൽ 30.06.24 ന് ക്രെഡിറ്റായ 50,373/- രൂപ മാത്രമാണ് 18.02.25 ലെ എൻട്രിയായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുകയോ പ്രസ്തുത പലിശ വരവ് ബാങ്ക് റിക്കൺസിലിയേഷനിൽ പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ പലിശയിനത്തിലെ വരവ് 1,00,746/- രൂപ (RP -9)എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-9 തുകകൾ സമയബന്ധിതമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിന്റെ ഇൻഡ്യൻ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ - 6014716811)

വരവ്, ചെലവ് ഇനത്തിലെ തുകകൾ സമയബന്ധിതമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ബാങ്ക് ബുക്കിലെ വരവ് തുകകൾക്ക് ഏതിനത്തിലെ വരവ്, ആരാണ് തുക അടവാക്കിയത് എന്ന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. പേയ്മെന്റ് ചെയ്യുന്ന തുകകൾ അതാത് ദിവസം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേയ്മെന്റ് ചെയ്ത ചെക്ക് നമ്പർ/ തീയതി | തുക (രൂ.) | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തീയതി. |
|---|---|---|---|
| 1 | 133966/ 01.07.24 | 3,38,884/- | 31/3/25 |
| 2 | 133935/ 01.06.24 | 4,07,125/- | 31/3/25 |
| 3 | 941721/ 17.02.25 | 5,680/- | 31/3/25 |
| 4 | 421666/ 01.03.25 | 66,556/- | 31/3/25 |
| 5 | 133895/02.05.24 | 96,000/- | 13/3/25 |

പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട 1-1-8 മുതൽ 1-1-10 വരെയുള്ള പരാമർശത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/25 തീ. 23.01.26) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 റിക്കൺസിലിയേഷനിൽ തെറ്റായ വിവരങ്ങൾ നൽകിയിരിക്കുന്നു

പഞ്ചായത്തിന്റെ ഇൻഡ്യൻ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ - 6014716811) റിക്കൺസിലിയേഷനിൽ തെറ്റായ വിവരങ്ങൾ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബാങ്ക് ബുക്ക് പ്രകാരം (രൂ.) | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം (രൂ.) | ബാങ്ക് പാസ് ബുക്ക് പ്രകാരം (രൂ.) |
|---|---|---|---|
| 31.03.25 ലെ നീക്കിയിരിപ്പ് | 91,08,422/- | 98,54,433/- | 1,01,65,780/- |

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് തുകയായ 98,54,433/- രൂപ 1,01,65,780/- എന്ന തുകയുമായാണ് പൊരുത്തപ്പെടുത്തിയിട്ടുള്ളത്. (91,08,422 – 98,54,433 = -7,46,011/-)

7,46,011/- രൂപ അക്കൗണ്ട് ബാലൻസിൽ കുറവായാണ് കാണുന്നത്. പ്രസ്തുത തുകയുടെ കുറവ് വന്നതിന്റെ കാരണം പരിശോധിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട 1-1-8 മുതൽ 1-1-10 വരെയുള്ള പരാമർശത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/25 തീ. 23.01.26) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-11 വിവാഹ ധനസഹായം നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വിവാഹ ധനസഹായമായി BRN 24020452012701501450 പ്രകാരം 1,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിലെ I-6, I-14(D) എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25 തീ. 24.01.26) ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-12 സ്ഥിര നിക്ഷേപം - പലിശയിനത്തിലെ വരവിൽ കുറവ്

പഞ്ചായത്തിന്റെ 6678818647 നമ്പർ സ്ഥിര നിക്ഷേപത്തിന് (₹50,00,000/-) ഓരോ സാമ്പത്തിക വർഷത്തിലും പലിശയിനത്തിൽ ലഭ്യമായ തുക, ഏത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ബാങ്കിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. 2024-25 വർഷത്തിൽ 6.3% പലിശ നിരക്കിൽ ആകെ 3,15,000/- രൂപയാണ് ലഭിക്കേണ്ടത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2,05,875/- രൂപയാണ് ലഭ്യമായത്. ഇപ്രകാരം പലിശയിനത്തിലെ വരവിൽ കുറവ് വരാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/25 തീ.23.01.26) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2-1 ബജറ്റ് - അപാകതകൾ

2024-25 വർഷത്തെ ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും (എൻക്വയറി നമ്പർ 8/26 തീ.21.01.26 പ്രകാരം) ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണത്താൽ ബജറ്റ് തയ്യാറാക്കുന്നതിന് 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2.12.16-ലെ ജി.ഒ. (ആർ.ടി) 3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം

സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 8.02.2024 | 04.03.25 |
| ഭരണസമിതി തീരുമാനം | 1/1 | 4(1) |
| മുന്നിരിപ്പ് | ₹61,64,029/- | ₹61,64,029/- |
| പ്രതീക്ഷിത വരവ് | ₹3,972,32,000/- | ₹32,82,76,975/- |
| ആകെ | ₹40,33,96,029/- | ₹33,44,41,004/- |
| പ്രതീക്ഷിത ചെലവ് | ₹39,51,24,200/- | ₹32,76,46,135/- |
| നീക്കിയിരിപ്പ് | ₹82,71,829/- | ₹67,94,869/- |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | ₹1,28,54,097.70 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹8,08,19,124 |
| ആകെ | ₹9,36,73,221.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,06,78,529 |
| നീക്കിയിരിപ്പ് | ₹2,29,94,692.70 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| **Fund/Grant** | മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | **0** | 2,74,27,713 | 3,25,40,804 | -51,13,091 |
| വികസനഫണ്ട് (എസ്.സി.പി) | **0** | 76,85,843 | 68,04,196 | 8,81,647 |
| വികസനഫണ്ട് (ടി.എസ്.പി) | **0** | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | **0** | 1,52,75,039 | 1,02,26,774 | 50,48,265 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | **0** | 56,00,484 | 50,76,765 | 5,23,719 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | **0** | 20,98,000 | 18,61,039 | 2,36,961 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | **0** | 29,59,000 | 28,57,960 | 1,01,040 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (സി.എസ്.എസ്) | **0** | 0 | 20,79,125 | -20,79,125 |
| സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്) | **0** | 0 | 60,93,750 | -60,93,750 |

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.

2. സി.എസ്.എസ്, എസ്.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3. വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.
4. സി.എഫ്.സി ഫണ്ടുകളിൽ (Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെപദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 1 | 23,55,788 | 22,15,788 | 94.05 |
| വെറ്ററിനറി സർജൻ | 7 | 6 | 1 | 7,75,000 | 5,40,090 | 69.68 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി / സി.എച്ച്.സി | 19 | 16 | 3 | 49,76,717 | 37,72,583 | 75.8 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 3 | 3 | 0 | 2,95,000 | 2,95,000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 4 | 4 | 0 | 17,51,712 | 17,51,712 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 9 | 9 | 0 | 50,19,599 | 43,63,270 | 86.92 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 12 | 3 | 3,62,84,241 | 2,03,94,071 | 56.2 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12 | 12 | 0 | 80,12,850 | 68,30,365 | 85.24 |
| സെക്രട്ടറി | 43 | 35 | 8 | 1,68,39,210 | 1,22,12,022 | 72.52 |
| ഹെഡ്മാസ്റ്റർ | 2 | 2 | 0 | 3,12,000 | 2,26,786 | 72.68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 53 | 15 | 3,12,63,689 | 1,63,57,385 | 52.32 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 16,00,000 | 10,21,817 | 63.86 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 12 | 1 | 44,71,949 | 27,48,314 | 61.45 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) |
|---|---|---|
| പൊതുവിഭാഗം (ജനറൽ) | 3,75,13,887 | 3,25,40,804 |
| എസ്.സി.പി. | 80,60,157 | 68,04,196 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 2,15,78,348 | 1,53,03,539 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 64,08,147 | 20,79,125 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,74,56,250 | 60,93,750 |

| | | |
|---|---|---|
| തനത് ഫണ്ട് | 50,70,228 | 22,56,969 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 46,41,125 | 5,91,888 |
| ജില്ലാ പഞ്ചായത്ത് | 66,08,125 | 19,63,429 |
| മെയിന്റനൻസ് ഫണ്ട്  റോഡ് | 21,72,581 | 18,61,039 |
| മെയിന്റനൻസ് ഫണ്ട്  റോഡിതരം | 29,61,946 | 28,57,960 |
| മറ്റുള്ളവ | 3,58,25,310 | 1,46,61,583 |

സി)

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (₹) മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 209 | 177 | 32 | 11,39,57,755/- | 7,27,29,203/- | 63.82 |

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ---- | ---- |
| കർഷക തൊഴിലാളി പെൻഷൻ | 32,20,600 | ലഭ്യമല്ല |
| വിധവാ പെൻഷൻ | 1,35,57,700 | 30 |
| വാർധക്യകാല പെൻഷൻ | 4,01,36,300 | 209 |
| വികലാംഗ പെൻഷൻ | 79,94,600 | 7 |
| വിവാഹ ധനസഹായം | 3,75,000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,79,200 | 2 |

## 1-7 ക്യാഷ്ബാലൻസ് പരിശോധന

കരുംകുളം ഗ്രാമപ്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് ഭൗതികപരിശോധന 21.1.26തീയതി 12.52 Pm ന് ഉത്തരവാദപ്പെട്ട ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,936/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന എല്ലാ ജീവനക്കാർക്കും ജോലി വിഭജനം നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എല്ലാം തന്നെ ശരിയായ വിധം രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നുണ്ട്.
ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും, പദ്ധതി രൂപീകരണത്തിനുമായി തൻവർഷം രണ്ട് ഗ്രാമസഭകൾ മാത്രമാണ് കൂടിയിട്ടുള്ളത്. പഞ്ചായത്ത് നിയമം അനുശാസിക്കും പ്രകാരം ഗ്രാമസഭകൾ വിളിച്ചുകൂട്ടേണ്ടതാണ്.
ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ യഥാസമയം പിരിച്ചെടുക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ

പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രവർത്തികൾ ഉൾപ്പെടുത്തി ചെയ്യുന്നതിനും വ്യക്തിഗത ആനുകൂല്യത്തിനുള്ള പദ്ധതികൾ കൂടുതൽ പേരിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതും അർഹതാ മാനദണ്ഡം കൃത്യമായും പാലിച്ചുകൊണ്ട് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കൃത്യമായും ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വർക്കുകൾ ആക്ഷൻ പ്ലാനിൽ മാത്രം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

1) 2024-25 സാമ്പത്തിക വർഷം മെറ്റീരിയൽ വർക്കുകൾ ഫലപ്രദമായി നിർവഹിച്ചിട്ടില്ല. ആക്ഷൻപ്ലാൻ പ്രകാരം വർക്കുകൾ വിഭാവനം ചെയ്തിരുന്നെങ്കിലും ആയത് നിർവഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മെറ്റീരിയൽ പ്രവൃത്തികൾ നടപ്പിലാക്കേണ്ടവ ലിസ്റ്റ് ചെയ്ത് ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയോ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സിറ്റിസൻ ഇൻഫർമേഷൻ ബോർഡിന് (CIB) നൽകിയ തുക ഉൾപ്പെടെ ആകെ 13,36,000/- രൂപ മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. കടലോരമേഖലയായതിനാൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ ഗുണഭോക്താക്കളുടെ ആവശ്യവും പരിഗണിച്ച് വർക്കുകൾ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം പഞ്ചായത്തിന്റെ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കും എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾ ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്. എന്നാൽ അക്രഡിറ്റഡ് എഞ്ചിനീയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി നൽകിക്കഴിഞ്ഞ് ഇതു സംബന്ധിച്ച യാതൊരു തുടർ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

2) പഞ്ചായത്തിൽ നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ ലേബർ : മെറ്റീരിയൽ വർക്ക് റേഷ്യോ 93:7 ആണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുവദനീയമായ ലേബർ മെറ്റീരിയൽ വർക്ക് റേഷ്യോ 60:40 ആണ്. അതായത് 3,13,13,000/- രൂപ ലേബർ പ്രവൃത്തികൾക്കായി ചെലവിട്ടപ്പോൾ, ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട മെറ്റീരിയൽ പ്രവൃത്തികൾക്ക് 23,01,000/- രൂപ മാത്രമാണ് ചെലവിട്ടിട്ടുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത അംഗന വാടികൾക്ക് കെട്ടിട നിർമ്മാണത്തിന് 8,00,000/- രൂപ വരെ ഇത്തരത്തിൽ ചെലവഴിക്കാൻ സാധിക്കും. എട്ട് ലക്ഷത്തിൽ അധികമായി വേണ്ട തുക പഞ്ചായത്തു ഫണ്ടിൽ നിന്നും വകയിരുത്തി അംഗനവാടി നിർമ്മാണം നടത്താവുന്നതാണ്. കുടുംബശ്രീയുടെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മാണം നടത്താവുന്നതാണ്. തീരദേശ മേഖലയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, (കമ്മ്യൂണിറ്റി തലത്തിലും വ്യക്തിഗതവും). സോക്ക് പിറ്റ് നിർമ്മാണം മുതലായവയും നിർവഹിക്കാവുന്നതാണ്. എന്നാൽ അക്രഡിറ്റഡ് എഞ്ചിനീയർ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ വിവരങ്ങൾ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തി അവതരിപ്പിച്ചിട്ടില്ല. അംഗൻ വാടി കെട്ടിട നർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, റോഡ് കോൺക്രീറ്റ്, നടപ്പാത നിർമ്മാണം മുതലായ പ്രവൃത്തികൾ നിർവഹിക്കാമെങ്കിലും അക്രഡിറ്റഡ് എഞ്ചിനീയറും ഭരണ സമിതിയും മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ പ്രാധാന്യം നൽകിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തിയതി 24/01/2026) മെറ്റീരിയൽ പ്രവൃത്തികൾ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്താലും ആയത് നിർവഹിക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതു കൊണ്ടാണ് പ്രവൃത്തി നിർവഹിക്കാൻ സാധിക്കാത്തത് എന്നാണ് മറുപടി നൽകിയത്. ആയത് അംഗീകരിക്കാവുന്നതല്ല. കാരണം വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തി മാത്രമല്ല പൊതു ആസ്തി നിർമ്മാണപ്രവൃത്തികളും നിർവഹിച്ചിട്ടില്ല. പഞ്ചായത്തിന്റെ പൊതുവായ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രാധാന്യം നൽകേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9-2 ഗുണഭോക്താക്കൾക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാകേണ്ട തുകകകൾ

## പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുന്നു

1) വ്യക്തിഗത ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട മെറ്റീരിയൽ പ്രവൃത്തികൾക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ട് തുക നൽകണമെന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ **NREGA/41/2022-B1**തിയതി **8/12/2022** നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില ഗുണഭോക്താക്കളുടെ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വർക്ക് കോഡ് | ഇനം |
|---|---|---|
| 1 | 1614001003/IF/1019477 | (സോക്പിറ്റ് നിർമ്മാണം - ആന്റണിദാസൻ (009/230)) |
| 2 | 1614001003/IF/1070494 | (Well Recharge -Xaviour 06/25) |
| 3 | 1614001003/IF/995978 | (സോക്പിറ്റ് നിർമ്മാണം - (015/390)) |

2)

ചുവടെ സൂചിപ്പിച്ചിട്ടുള്ള വർക്കുകൾക്ക് CIB യുടെ തുക സെക്രട്ടറിയുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | വർക്ക് കോഡ് | തുക (രൂ.) |
|---|---|---|
| 1 | 1614001003/LD/483361<br>(ചെറുകിട നാമമാത്ര കർഷകരുടെ ഭൂമികൃഷി യോഗ്യമാക്കൽ 6 ആം ഘട്ടം വാർഡ് 16 ) | 2,850/- |
| 2 | 1614001003/LD/GIS/8921<br>(1N1c നീർത്തടത്തിലെ വാർഡ് 11 ലെ ഖണ്ഡിക 5 ഇൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമി കൃഷി യോഗ്യമാക്കൽ) | 2,850/- |

3) ഫലവൃക്ഷത്തൈ പരിപാലനം, നഴ്സറി നിർമ്മാണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിത്തുകൾ, ചാണകം, ഗ്രീൻ നെറ്റ് തുടങ്ങിയവ വാങ്ങിയ ഇനത്തിലെ തുകയും സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആകെ തൻ വർഷം 1,95,035/- രൂപ സെക്രട്ടറിയുടെ പേരിലുള്ള ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ (Ac/No.777431524) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പണമിടപാടുകൾ സുതാര്യമാക്കുന്നതിനായാണ് ഗുണഭോക്താക്കൾക്ക് തുക നേരിട്ട് നൽകുന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ഇത്തരത്തിൽ തുക ക്രഡിറ്റ് ചെയ്തത് ശരിയായ നടപടിയല്ല. കൂടാതെ 1,95,035/- രൂപയിൽ 65,489/- രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ബാക്കി തുക നൽകിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തിയതി 21/01/2026) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന രീതി ഒഴിവാക്കേണ്ടതും നിലവിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പൂർണമായും വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-9 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31,451 | 27,00,413 | 27,31,864 | 25,25,126 | 2,06,738 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,37,94,080 | 3,37,94,080 | 3,37,94,080 | 0 |
| **ആകെ** | 31,451 | 3,64,94,493 | 3,65,25,944 | 3,63,19,206 | 2,06,738 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടിലെ മുന്നിരിപ്പ് 31,451/- രൂപയാണെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പ് 31,745/- രൂപയാണ്.
ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം. 777431524 ൽ 01/04/2024 ലെ ഓപ്പണിംഗ് ബാലൻസ് 525/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ RP 40(a) യിൽ 231/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മുന്നിരിപ്പിൽ 294/- രൂപ കുറവായാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | - | - |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.6.2018 | 2013-14 | 01.07.2018 |

## 1-11 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 600 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 45 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

പഞ്ചായത്തിലെ ഹരിത കർമ്മസേന ഹരിതമിത്രം സോഫ്റ്റ് വെയറിന്റെ സഹായത്തോടെ മാർച്ച് 2025 മാസത്തിലെ യൂസർ ഫീ കളക്ഷൻ സ്റ്റേറ്റ്മെന്റ് (വി.ഇ.ഒ ലഭ്യമാക്കിയത്) പ്രകാരം യൂസർ ഫീ നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 431 ആണ്. ആയതിൽ നിന്ന് മുന്നൂറിലധികം വാണിജ്യ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാം.

പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള ഉറപ്പ് വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/23.1.2026) മറുപടി ലഭ്യമാക്കിയില്ല.

ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ട്രയ്ഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനും മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾ ക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്.

ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല.
കരുംകുളം ഗ്രാമപ്പഞ്ചായത്തിന്റെ 2022-27 വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ പട്ടികളുടെ എണ്ണം 551 ആയി കാണുന്നു. എന്നാൽ 2024-25വർഷത്തെ നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിരിക്കുന്നത് ഒരു നായക്ക് മാത്രമാണ്. W.P.(C) No. 13204/2021 കേസുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.08.2021 ലെ RC3/241/2021/LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ വളർത്തു നായകൾക്കും നിർബന്ധമായും ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/23.1.2026) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ എല്ലാ നായകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (Ii) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ നികുതി ഈടാക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റാബേസും സൂക്ഷിച്ചിട്ടില്ല.

2024-25വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി പൂർണ്ണമായി പിരച്ചെടുത്തില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അടവാക്കാനുള്ളത് |
|---|---|---|
| 1. | Govt Homeo Dispensary | II Nd Half |
| 2. | St.Marrys LPGS Pulluvila | II Nd Half |
| 3. | ESAF Small Finance Bank | II Nd Half |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/23.1.2026) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ്, തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. **പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, അവയിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/23.1.2026) മറുപടി ലഭ്യമാക്കിയില്ല.** റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 കെട്ടിട നികുതി- സഞ്ചയ അപാകതകൾ

1) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയയിലെ ഏതാനും വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ പറയുന്ന 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

| വാർഡ് | കെട്ടിട നംമ്പർ | പേര് | ഫ്ലോർ ഏരിയ ച.മീ. |
|---|---|---|---|
| 10 | 87 | ബെഞ്ചമിൻ അസറിയാസ് | 80 |
| 4 | 61 | ദാസ് ജെ | 70 |
| 3 | 4 | വിരജ്ഞിനി മേരി | 70 |
| 3 | 317 | ഫ്രെഡി/ശാലിനി | 200 |
| 1 | 331 | ക്ലീറ്റസ് | 90 |
| 1 | 317 | വിദ്ധ്യാധരൻ എസ് | 63 |
| 1 | 82 | മോഹൻദാസ് ഡി | 70 |
| 2 | 302 A | ജയകുമാരി | 65 |
| 14 | 148 | അന്തോണീസ് | 70 |

2) ജി.ഒ.(എം.എസ്)144/15/തസ്വഭവ തീയതി 27.4.2015, ജി.ഒ.(എം.എസ്)358/15/തസ്വഭവ തീയതി 16.12.2015 പ്രകാരമുള്ള ഇളവ് ഒരു കുടുംബനാഥന്റെ സ്വന്തം പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമായണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

| ക്രമ നം. | വാർഡ് /കെട്ടിട നം. | വ്യക്തിയുടെ പേര്, അഡ്രസ്സ് |
|---|---|---|
| 1 | 1/375 | ജോണി ഗോഡ്സാലസ് |
| 2 | 1/376 | ജോണി ഗോഡ്സാലസ് |
| 3 | 16/205 | കൊച്ചുത്രേസ്യ |
| 4 | 16/209 | കൊച്ചുത്രേസ്യ |

3) 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ്( 2023 മാർച്ച് 31 വരെ). എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 40/- രൂപ കണക്കാക്കി വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഫ്ലോർ ഏരിയ ച.മീ. |
|---|---|---|---|
| 1 | 291 | Jhon | 138.2 |
| 11 | 251 | Dhasan Mykkil | 612 |
| 12 | 113/a | Vilyam , Usha | 102 |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം. 20, 21/24.1.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 വിനോദനികുതി അടവാക്കാതെ സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു

2019 ജനുവരി 1 മുതൽ സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കുറച്ച സാഹചര്യത്തിൽ മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന വിനോദനികുതി പുന:സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31-08-2019 ലെ സ.ഉ.(കൈ)നം.112/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 01-09-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ പിരിച്ചെടുത്ത നികുതി തദ്ദേശ ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് ഈ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ വിനോദനികുതി സംബന്ധിച്ച 31-01-2024 ലെ സാ.ഉ(കൈ)നം.17/2024/LSGD നമ്പർ ഉത്തരവിലും ടി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.

സിനിമ ടിക്കറ്റ് ബുക്ക് ചെയ്യുന്ന ആപ്പിൽ പരിശോധിച്ചതിൻ പ്രകാരം കരുംകുളം പഞ്ചായത്തിലെ പുല്ലുവിള എന്ന സ്ഥലത്ത് SA Multiplex 4K 3D Dolby Atmos എന്ന സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നതായും ദിവസേന മൂന്ന് സിനിമകൾ വരെ പ്രദർശിപ്പിക്കുന്നതായും കാണുന്നു. ടി തീയേറ്ററിന് നൽകിയ സിനിമാ പ്രദർശനത്തിനുള്ള ലൈസൻസന്റെ വിവരങ്ങൾ, വിനോദ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ, സിനിമാ തീയേറ്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നംമ്പറിംഗ് വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/23.1.2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-17 സകർമ്മ മിനിട്സ് സമയബന്ധിതമായി അംഗീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (1995 ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ഉപചട്ടം 9 പ്രകാരം നക്കൽ അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചു നൽകേണ്ടതും ഉപചട്ടം 10 പ്രകാരം അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ നടന്ന ഭരണസമിതി യോഗങ്ങളുടെ മിനിട്സുകൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി |
|---|---|---|
| 20/04/2024 | 18/06/2024 | 18/06/2024 |
| 16/05/2024 | 22/05/2024 | 22/05/2024 |
| 28/05/2024 | 11/7/2024 | 11/7/2024 |
| 06/06/2024 | 11/7/2024 | 11/7/2024 |
| 12/06/2024 | 9/07/2024 | 9/07/2024 |

ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/24.1.2026) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രാകാരം യോഗ മിനിട്സുകൾ യഥാസമയം പൂർത്തീകരിക്കുവാൻ

നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 7,65,604/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1 | **പ്രോജക്ടിന്റെ പേര്-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ** (S100/25)<br>**അടങ്കൽ തുക** – 7,50,000/- **രൂപ**<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം – 5,50,000 + 2,00,000 – ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് തുക – 7,40,604/- **രൂപ**<br>(Bill No. 25/26.7.24 Amt- 4,36,454/-,<br>Bill No. 531/24.3.25 Amt- 1,05,884/-,<br>Bill No. 549/24.3.25 Amt – 7,662/-,<br>Bill No. 321/27.1.25 Amt – 63,938/-,<br>Bill No. 359/20.2.25 Amt – 31,624/-,<br>Bill No. 550/24.3.25 Amt – 95,042/-) | KSEB |
| 2 | പ്രോജക്ടിന്റെ പേര് – **വൃത്തി 2025-ദി ക്ലീൻ കേരള കേൺക്ലേവ്**<br>**അടങ്കൽ** തുക – 25,000/- (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)<br>ചെലവ് തുക – 25,000/- (Bill No. 546/24.3.25) | Director Suchitwa Mission |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 17/26ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 7,65,604/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഹരിതകർമ്മസേനാംഗങ്ങൾക്കായി വാങ്ങിയ സാധനസാമഗ്രികൾ പൂർണ്ണമായും വിതരണം ചെയ്തില്ല

2024-25 സാമ്പത്തിക വർഷം വി.ഇ.ഒ (നോർത്ത് സർക്കിൾ) നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | അപാകത |
|---|---|---|
| 1 | പ്രോജക്ടിന്റെ പേര് - ഹരിത കർമ്മസേന തുടർ പ്രവർത്തനങ്ങൾ (128/25)<br>അടങ്കൽ തുക – 50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് തുക – 48,470/- (Bill No.481/18.3.25) | 37 അംഗങ്ങൾക്കായി വാങ്ങിയ ബൂട്ട്സ്(ഓരോ ജോടി), റെയിൻകോട്ട്, ഗ്ലൗസ് (2ജോടി) എന്നിവ വിതരണ രജിസ്റ്റർ പ്രകാരം 35 അംഗങ്ങൾക്ക് മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. |
| 2 | പ്രോജക്ടിന്റെ പേര് - ഹരിത കർമ്മസേന അംഗങ്ങൾക്ക് യൂണിഫോം വാങ്ങി നല്കൽ (146/25)<br>അടങ്കൽ തുക – 31,902/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് തുക – 31,902/- (Bill | 39 ഹരിത കർമ്മസേന അംഗങ്ങൾക്കായി യൂണിഫോം, ID Card, എന്നിവ വാങ്ങി നല്കുന്നതാണ് പ്രോജക്ട്. വിതരണ രേഖ പ്രകാരം 31 അംഗങ്ങൾക്ക് മാത്രമാണ് യൂണിഫോം വിതരണം ചെയ്തിരിക്കുന്നത്. |

| | | |
|---|---|---|
| | No.522/22.3.25) | |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം.18 /26 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി പരാമർശങ്ങൾക്ക് മറുപടി, വിതരണരേഖ സഹിതം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 പത്രസ്ഥാപനങ്ങൾക്ക് അധിക പരസ്യക്കൂലി നൽകി

പദ്ധതി രൂപീകരണ നിർവ്വഹണ ചെലവ് (SOO1/25, SO142/25) എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പത്രസ്ഥാപനങ്ങൾക്ക് നൽകിയപരസ്യക്കൂലി സർക്കാർ അംഗീകൃത നിരക്കിനെക്കാൾ അധികമാണെന്ന് കാണുന്ന സർക്കാർഉത്തരവ് (അച്ചടി) നം. 5/2021/ഐ &പി.ആർ.ഡി തീയതി 11.10.2021 പ്രകാരം സർക്കാർ പരസ്യങ്ങൾ അച്ചടിമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകേണ്ട പരസ്യനിരക്കുകൾ പ്രകാരമല്ല ചെലവ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പത്രം | പരസ്യം നല്കിയ തീയതി | അളവ് | സർക്കാർ ഉത്തരവ് പ്രകാരം നല്കേണ്ട തുക (തിരുവനന്തപുരം എഡിഷൻ) | നല്കിയ തുക (രൂ.) |
|---|---|---|---|---|
| വീക്ഷണം | 9.924 | 6sq Cms | 540 (90 Per Sq.cm ) | 1,500 (250 Per Sq Cm) |
| | 27.11.24 | 6sq Cms | 540 (90 Per Sq.cm ) | 1,500 |
| | 30.1.25 | 6sq Cms | 540(90 PER SQCMS) | 1,575 |
| | 16.1.25 | 6 Sqcms | 540 (90 Per Sq.cm ) | 1,575 |
| | 5.3.25 | 6 Sqcms | 540 (90 Per Sq.cm ) | 1,575 |
| കേരള കൗമുദി | 8.1.25 | 24sq Cms | 3792(158 Per Sq.cm ) | 8,971 |
| വീക്ഷണം | 6.3.25 | 6sq Cms | 540(90 Per Sq.cm ) | 1,575 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 25/25ന് മറുപടി ലഭ്യമാക്കിയില്ല.മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - വീട്പണി പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം (പേര്, വിലാസം, വാർഡ് ) | നാളിതുവരെ കൈപ്പറ്റിയ തുക (രൂ.) | എഗ്രിമെന്റിന്റെ വിവരം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | സ്റ്റാലിൻ<br>പണ്ടകശാല പുരയിടം<br>വാർഡ്-8 | 2,00,000/- | Ag.dtd.30.1.23 | ബേയ്സ്മെന്റ് |
| 2 | ജോയി<br>വലവീശികാണി<br>പുരയിടം<br>വാർഡ്-8 | 3,00,000/- | Ag.dtd.31.1.23 | മേൽകൂര വാർത്തു |
| 3 | ക്ലീറ്റസ്<br>പള്ളികെട്ടിയ<br>പുരയിടം | 3,00,000/- | 20.7.23 | ലിന്റൽ |

| | | | | |
|---|---|---|---|---|
| | വാർഡ്-18 | | | |
| 4 | മേരിസ്റ്റെല്ല കുളപ്പുരഹൗസ് വാർഡ് -12 | 40,000/- | 20.8.24 | വീട് പണി തുടങ്ങിയിട്ടില്ല. |
| 5 | ജോൺ റോക്കി മേടവിളാകം വാർഡ്-7 | 40,000/- | 10.2.24 | ബേസ്മെന്റ് |
| 6 | വിജിഷ് ഓടൽവീട്,കരുംകുളം | 2,00,000/- | 10.2.23 | ബേസ്മെന്റ് |
| 7 | സാബു സാബുഭവൻ പുതിയതുറ | 40,000/- | 24.3.23 | വീട് പണി തുടങ്ങിയിട്ടില്ല |
| 8 | വിജയമ്മ പൊറ്റയിൽ വീട്,കരുംകുളം | 2,00,000/- | 1.11.23 | ബേസ്മെന്റ് |

മേൽ പരാമർശിച്ചിരിക്കുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ വീട് പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം ചെയ്യേണ്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി.

പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 22/26 ന് മറുപടി ലഭ്യമാക്കിയില്ല. കേരളം തുടർച്ചയായി പ്രകൃതിക്ഷോഭങ്ങളെ നേരിട്ട് കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ മുന്നൊരുക്കങ്ങളോടെ സജ്ജമായിരിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രധാന കർത്തവ്യങ്ങളിലൊന്നായി മാറേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)

ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/- രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്ന തിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയിൽ നിന്ന് 2024-25 സാമ്പത്തിക വർഷത്തിൽ വരവോ ചെലവോ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണവും Panchayath Distress Relief Fund – മായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/25 തീ.22.01.26) ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ടി വിഷയം അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനത്തിന് വിധേയമായി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ജലജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമായും ഗുണഭോക്തൃവിഹിതമായും നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷന്റെ വെബ്സൈറ്റിൽ കരുംകുളം പഞ്ചായത്തിൽ 2020-21 മുതൽ 2024-25 വരെ ഗാർഹിക കണക്ഷൻ നൽകിയതായി കാണുന്നില്ല.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങളും നാളിതുവരെ റോഡ് പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകയുടെയും പുനരുദ്ധാരണം നടക്കാത്ത / പൂർത്തിയാകാത്ത റോഡുകളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-4/17.1.26)

## 1-25 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. 2021-22 മുതൽ 2025-26 കാലയളവിലാണ് ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ

ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭ്യമായ തുകയുടെ വിവരങ്ങൾ (ഓഡിറ്റ് എൻക്വയറി നം. 5) ചുവടെ ചേർക്കുന്നു.

| വർഷം | ആരോഗ്യ ക്ഷേമം (രൂ.) | ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രച്ചർ (രൂ.) | ബിൽഡിംഗ്സ് |
|---|---|---|---|
| 2021-22 | 5,64,272 | 3,45,825 | - |
| 2022-23 | 9,65,000 | 4,02,000 | - |
| 2023-24 | 6,88,000 | 6,39,000 | |
| 2024-25 | 2,51,000 | 1,85,000 | - |

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവ് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആരോഗ്യ ക്ഷേമം (രൂ.) | ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രച്ചർ (രൂ.) | ബിൽഡിംഗ്സ് | ആകെ ചെലവ് തുക (രൂ.) |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | 8,05,960 | 3,96,125 | - | 12,02,085 |
| 2023-24 | 2,76,869 | 1,68,062 | - | 4,44,931 |
| 2024-25 | 2,08,442 | 1,68,062 | - | 3,76,504 |

ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്കീം 3 | രൂ.4,06,905/- |
| സ്കീം 4 | രൂ.6,97,472/- |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | പ്രോജക്ട് | അടങ്കൽ (രൂ) | ചെലവ് (രൂ) |
|---|---|---|---|
| **2022-23** | 312/23 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം | 5,64,272 | 4,66,112 |
| | 313/23 സബ് സെന്ററുകളിലെ ഹെൽത്ത് വെൽനസ്സ് ആക്ടിവിറ്റീസ് | 3,45,825 | 1,83,700 |
| **2023-24** | 152/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം | 1,80,960 | 1,80,902 |
| | 153/24 ഹെൽത്ത് വെൽനസ്സ് സെന്റർ - സബ് സെന്റർ | 1,62,125 | 1,62,124 |
| | 234/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം | 6,25,000 | 3,97,329 |
| | 236/24 ഹെൽത്ത് ഗ്രാന്റ് - സബ് സെന്ററുകൾക്ക് ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങൽ | 2,34,000 | 2,33,938 |
| | 237/24 പുല്ലുവിള സി.എച്ച്.സി യിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 3,40,000 | 2,90,772 |
| **2024-25** | 196/25 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം | 2,27,671 | 2,00,114 |
| | 221/25 സബ്സെന്ററുകളിൽ ലാബ് പരിശോധന സംവിധാനം | 1,68,062 | 1,68,062 |
| | 242/25 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം | 49,228 | 8,328 |

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 ഐ.സി.ഡി.എസ് സൂപ്പർ വൈസർക്കും കമ്മ്യൂണിറ്റി വുമൺ

## ഫെസിലിറ്റേറ്ററിനും ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം നൽകിയിട്ടില്ല

സ.ഉ(എം.എസ്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ശാശ്വത പരിഹാരം കാണുവാനും ഇവരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ചുവരുന്നു.

സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.4.2 പ്രകാരം ജാഗ്രതാസമിതി മാസം തോറും വാർഡ്തല/പഞ്ചായത്ത്തല മീറ്റിംഗുകൾ കൂടേണ്ടതും പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി, ജെന്റർ ഡെസ്ക് എന്നിവ സ്ഥാപിക്കേണ്ടതും പരാതികൾ ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും തീർപ്പാക്കേണ്ടതുമാണ്. നിലവിൽ ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററിനെ നിയമിച്ചിട്ടുണ്ട്. ഓഡിറ്റിനു ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ അംഗനവാടികൾ കേന്ദ്രീകരിച്ച് കാര്യക്ഷമമായി നടത്തുന്നുണ്ട്. എന്നാൽ

1) ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ഇതു സംബന്ധിച്ച പരാതിപ്പെട്ടി സ്ഥാപിച്ചിട്ടില്ല.

2) കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററിന് ആവശ്യമായ ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടില്ല.

3) ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ആവശ്യമായ ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ ഫെസിലിറ്റി ഉൾപ്പെടെ ) നൽകിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തിയതി 23/01/2026) പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രവർത്തനം നിർവഹിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നിലവിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നതിനു സമീപത്തായി 2026 ജനുവരിയിൽ രണ്ടു ജീവനക്കാർക്കുമായി ഒരു കാബിൻ നൽകിയിരിക്കുന്നു. അവിടെ പര്യാപ്തമായ മേശ, കസേര, കമ്പ്യൂട്ടർ മുതലായ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടില്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അനുവദിച്ചു നൽകേണ്ടത് സ്ഥാപന മേലധികാരിയുടെ കർത്തവ്യമാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്കും ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

മുൻ വർഷത്തെ (2024-25) സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പ്രകാരം Festival Advance ഇനത്തിൽ 20,000/- രൂപ തിരികെ ഈടാക്കാൻ അവശേഷിച്ചിരുന്നു. ആയത് തൻവർഷവും സ്വീകരിച്ചിട്ടില്ല. ടി തുക ക്രമീകരിക്കാൻ സ്വീകരിച്ച തുടർനടപടി ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/25 തീ. 22.01.26 ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 72,000 | 72,000 | 0 | - |

*31-3-2024 മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുടേത് മാത്രം.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | ബാധകമല്ല | ബാധകമല്ല | ----- | | - |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 മുതൽ 31-07-2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | - | - | - | - |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| - | - | - | - | - | - |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (രൂ.) | തൻവർഷം ലഭിച്ച തുക (രൂ.) | പ്രോജക്ടിന്റെ നമ്പർ, പേര് | ചെലവഴിച്ച തുക (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 70,000 | 48/25- ഹരിത ഭവനം | 70,000 | 0 |
| | 0 | 13,80,000 | 16/25-ലൈഫ് -ഭവന നിർമ്മാണം - ജനറൽ | 13,80,000 | 0 |
| | 0 | 4,41,750 | 13/25- സ്നേഹസ്പർശം | 4,41,750 | 0 |
| | 0 | 71,679 | 27/25-ക്ഷീര സമൃദ്ധി | 71,679 | 0 |
| **ആകെ** | 0 | **19,63,429** | | **19,63,429** | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 4,41,750 | 13/25- സ്നേഹസ്പർശം | 4,41,750 | 0 |
| | 0 | 1,50,138 | 27/25-ക്ഷീര സമൃദ്ധി | 1,50,138 | 0 |
| **ആകെ** | 0 | **5,91,888** | | **5,91,888** | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക (രൂ.) | ചെലവഴിച്ച തുക (രൂ.) | ബാക്കിയുള്ള തുക (രൂ.) |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ (100/25) | 7,40,604/- | --- | ----- |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുൻ ബാക്കി (രൂ.) | 2024-25 | | | |
|---|---|---|---|---|---|
| | | മുൻകൂർ നൽകിയ തുക (രൂ.) | ആകെ തുക (രൂ.) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | ബാക്കി തുക (രൂ.) |
| കെ.എസ്.ഇ.ബി | 1,04,88,968 | 7,40,604 | 1,12,29,572 | - | 1,12,29,572 |
| കേരള വാട്ടർ അതോറിറ്റി | 23,84,700 | - | - | - | 23,84,700 |
| അനർട്ട് | - | 8,12,285 | 8,12,285 | - | 8,12,285 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ) | തൻവർഷം ലഭിച്ച തുക (രൂ) (RP -31 പ്രകാരം) | ആകെ (രൂ) | തൻവർഷം തിരിച്ചടച്ച തുക (രൂ) (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ) (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KURDFC | 4,29,86,244 | 85,01,856 | 5,14,88,100 | 47,25,244 | 4,67,62,856 |

## 4-6 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| തുക (രൂ.) | എഫ്.ഡി നമ്പർ | നിക്ഷേപിച്ച തീയതി | പലിശ നിരക്ക് |
|---|---|---|---|
| 50,00,000 | 6678818647 | 26.09.2018 | 6.3% |

പലിശയിനത്തിലെ വരവിലെ വ്യത്യാസം സംബന്ധിച്ച അപാകത ഖ: 1-1-12 കാണുക.

## 4-7 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2021-22 | 1-40 | 2022-23 | 2-1-2 | ടേക്ക് എ ബ്രേക്ക് പദ്ധതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 1,28,54,097.70/- |
| ഓഡിറ്റ് വർഷത്തെ വരവ് | 8,08,19,124.00/- |
| ആകെ | 9,36,73,221.70/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,06,78,529.00/- |
| നീക്കിയിരിപ്പ് | 2,29,94,692.70/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,65,604.00/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂ.) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 7,65,604/- | ശ്രീമതി ഷീബാസ്റ്റീഫൻ, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ഷീബാസ്റ്റീഫൻ സെക്രട്ടറി | സെക്രട്ടറി, കാരോട് ഗ്രാമപഞ്ചായത്ത് | ഉഷസ്, പരണിയം പൂവാർ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 2 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 8 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 6 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 12 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1167/2017 തീയതി 01.06.2019 | 5 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/99/2018 തീയതി 15.03.2018 | 11 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/99/2018 തീയതി 15.03.2018 | 13 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1045/2024 തീയതി 21.06.2024 | 31 | |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/32/2024 തീയതി 12.06.2024 | 14 | |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1015/2022 തീയതി 17.02.2024 | 34 | |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2218/2022 തീയതി 02.03.2024 | 31 | |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1962/23 തീയതി 13.12.2023 | 49 | |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1517/24 തീയതി 28.11.2024 | 34 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 4/1 dated 28-07-2025 and submitted on 19-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Karumkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karumkulam Grama Panchayat as on 31-03-2025

**Date: 10/02/2026** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Karumkulam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. Notes on accounts and key financial ratios, as required under Rule 62(2)(e) and (f) of the Kerala Panchayat Raj Accounts Rules, 2011, have not been prepared and submitted along with the annual financial statements.

2. As per Rule 58(4)(a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock must be carried out at the end of every financial year. However, for the financial year 2024-25, the Gram Panchayat did not conduct stock valuation, and the same has not been included in the head *Stock in Hand (Inventories)* under Schedule B-14 of the Annual Financial Statements (Balance Sheet). As per the Balance Sheet, the value of stock is shown as zero.

3. The detailed statement of adjusted income and expenditure (Panchayat Fund Determination) under Schedule B-1 has not been made available along with the annual accounts.

4. As per Rule 17(2) of the Kerala Panchayat Raj Accounts Rules, the Secretary must prepare monthly summary statements relating to the accrual-based revenues including details of demand raised, changes to be made in the demand and adjustments, refunds/reductions, write-offs, and collection details.
However, in the Gram Panchayat, the accrual entries for revenues such as Property Tax and Profession Tax have been recorded only at the end of the financial year 2024-25.
5. For the financial year 2024-25, provisions for unfinished/expenditure-in-progress items have not been made in Schedule B-9 of the Balance Sheet. Examples include fuel expenses and honorarium for public representatives.
6. Depreciation has not been provided in the annual financial statements for Roads and Bridges, Public Lighting, Plant and Machinery, and Other Fixed Assets. Further, the Depreciation Statement was not produced for audit to verify the correctness of the depreciation amount charged.
7. The Deposit Register, Loan Register, and Investment Register were not produced for audit.
8. The details of interest income credited to the Indian Bank (Own Fund) Account (Account No. 6014716811) are given below:

| **Sl. No.** | **Amount** | **Date of Credit (as per Bank Statement)** |
|---|---|---|
| 1 | 50,373 | 30.06.2024 |
| 2 | 46,366 | 30.09.2024 |
| 3 | 45,942 | 31.12.2024 |
| 4 | 59,129 | 31.03.2025 |

Out of the above interest income, only the amount of Rs.50,373 credited on 30.06.2024 has been recorded in the Bank Book, that too through an entry dated 18.02.2025. The remaining amounts have neither been recorded in the Bank Book nor reconciled through Bank Reconciliation.

The interest income disclosed in the Annual Financial Statements is Rs.1,00,746 (RP-9) only.
9. In respect of the Panchayat Own Fund Account (Indian Bank Account No. 6014716811), receipts and payments are not being recorded in the Bank Book on a timely basis. Further, in respect of the receipt entries recorded in the Bank Book, details such as the nature of receipt and the name of the person from whom the amount was received are not noted. Payments made are also not recorded in the Bank Book on the respective dates.

Some illustrative instances are given below:

| **Sl. No.** | **Cheque No. / Date** | **Amount (Rs.)** | **Date Recorded in Bank Book** |
|---|---|---|---|
| 1 | 133966 / 01.07.2024 | 3,38,884 | 31.03.2025 |
| 2 | 133935 / 01.06.2024 | 4,07,125 | 31.03.2025 |
| 3 | 941721 / 17.02.2025 | 5,680 | 31.03.2025 |
| 4 | 421666 / 01.03.2025 | 66,556 | 31.03.2025 |
| 5 | 133895 / 02.05.2024 | 96,000 | 13.03.25 |

10. Incorrect particulars have been furnished in the Bank Reconciliation Statement pertaining to the Panchayat Own Fund Account (Indian Bank Account No. 6014716811). The details are given below:

| **Particulars** | **Amount (Rs.)** |
|---|---|
| Balance as per Bank Book as on 31.03.2025 | 91,08,422 |
| Balance as per Bank Reconciliation Statement | 98,54,433 |
| Balance as per Bank Pass Book | 1,01,65,780 |

The difference between the Bank Book balance and bank book amounting to Rs. 10,57,358/- (1,01,65,780-91,08,422) has not

been reconciled.

11. An amount of Rs.1,50,000 has been disbursed as marriage assistance vide BRN No. 24020452012701501450. However, this amount has not been reflected in I-6 and I-14(D) schedules of the Annual Financial Statements.

12. As per fixed deposit certificate no. 6678818647 an amount of Rs.50,00,000/- deposited during previous year @6.3% per annum has been renewed during 2024-25. However the accrued interest accounted in the AFS is only Rs.2,05,875/-

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്